പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 7214 — 3.11. 2011 - ൽ മറുപടിക്ക്

സഹോദരൻ അയ്യപ്പൻെറ ഭവന പുനരുദ്ധാരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എസ് ശർമ്മ | | ശ്രീ. കെ.സി. ജോസഫ് (ബഹു: ഗ്രാമവികസനവും ആസൂത്രണവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ) കേരളത്തിൻെറ നവോത്ഥാന നായകനായിരുന്ന സഹോദരൻ അയ്യപ്പൻെറ സ്വഭവനം വൈപ്പിൻ മണ്ഡലത്തിലെ ചെറായിയിൽ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) പ്രസ്തുത ഭവനത്തിൻെറ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ദൈനംദിന ചെലവുകൾക്കും ബുദ്ധിമുട്ട നഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>സി) ചരിത്രം പേറുന്ന പ്രസ്തുത ഭവനത്തിൻെറയും , അതിനോടു ചേർന്ന ഗ്രന്ഥശാലയുടെയും പ്രവർത്തനത്തിന് സാമ്പത്തിക സഹായം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; ഇതുവരെ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ? | ബി) യും സി) യും | ചെറായിലെ സഹോദരൻ അയ്യപ്പൻ സ്മാരകത്തിന് ഒരു ലക്ഷം രൂപ വാർഷിക ആവർത്തന ഗ്രാന്റ് നൽകി വരുന്നു. കൂടാതെ സ്മാരകത്തിന്റെ വികസനത്തിനായി 29.3.2010 ലെ സ.ഉ.(സാധാ) നം.208/2010/സിഎഡി പ്രകാരം 2,50,000/- രൂപയും ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ